**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3550 17.12.2015-ന് മറുപടി നൽകേണ്ടത്

**പി.എസ്.സി നിയമനം**

**ചോദ്യം** **ഉത്തരം**

ശ്രീമതി. കെ. കെ. ലതിക ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015 ഒക്ടോബർ 30 വരെ ഓരോ വകുപ്പിലും ഒഴിവുള്ള തസ്തികകളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ ; | (എ) യും (ബി) യും | 2015 ഒക്ടോബർ 30 വരെ പൊതുഭരണ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സ്പെഷ്യൽ-ബി വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (നോൺ സെക്രട്ടേറിയറ്റ്) തസ്തികയിൽ ഒരു ഒഴിവും; സർവ്വീസസ്-ഇ വകുപ്പിന് കീഴിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 16-ഉം കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 20 ഒഴിവുകളും; സർവ്വീസസ്-എ വകുപ്പിന് കീഴിൽ റിട്ടയർമെന്റ് മുഖേന അസിസ്റ്റന്റ് തസ്തികയിൽ 71 ഒഴിവുകളും പ്രൊമോഷൻ മുഖേന 16 ഒഴിവുകളും; സർവ്വീസസ്-സി വകുപ്പിന് കീഴിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 47 ഒഴിവുകളും; സർവ്വീസസ്-എച്ച് വകുപ്പിന് കീഴിൽ സെക്യൂരിറ്റി ഗാർഡിന്റെ 7 ഒഴിവുകളും ഉൾപ്പെടെ മൊത്തം 178 ഒഴിവുകളുണ്ട്.<br>മേൽപ്പറഞ്ഞവയിൽ സ്പെഷ്യൽ-ബി വകുപ്പിൽ നിന്നുള്ള ഒരു ഒഴിവും സർവ്വീസസ് -ഇ വകുപ്പിൽ നിന്നുള്ള 36 ഒഴിവുകളും സർവ്വീസസ്-എച്ച് വകുപ്പിൽ നിന്നുള്ള 7 ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസസ്-എ വകുപ്പിൽ നിന്ന് അസിസ്റ്റന്റ് തസ്തികയിൽ 50 ഒഴിവുകളും രണ്ട് എൻ.ജെ.ഡി. ഒഴിവുകളും സർവ്വീസസ്-സി വകുപ്പിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 31 ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഓരോ വകുപ്പും ഇതിൽ എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ഇപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര പേർക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (സി) | പൊതുഭരണ വകുപ്പിന് കീഴിലെ സ്പെഷ്യൽ-ബി വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (നോൺ സെക്രട്ടേറിയറ്റ്) തസ്തികയിൽ ഒരാൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. സർവ്വീസസ് -ഇ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 9 പേർക്കും സർവ്വീസസ്-സി വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത ഓഫീസ് അറ്റൻഡന്റിന്റെ ഒഴിവുകളിൽ പത്തോളം പേർക്കും നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. സർവ്വീസസ്-എച്ച് വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ ഒഴിവുകൾക്ക് നിയമന ശിപാർശ ഇതുവരെയും ലഭിച്ചിട്ടില്ല.<br>മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ? | (ഡി) | പൊതുഭരണ വകുപ്പിൽ നിന്നുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ